**ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്**
**ആറ്റുകാൽ, തിരുവനന്തപുരം-9.**

നമ്പർ:ഇ3/1362/2022/എബിറ്റിറ്റി/ 31 തീയതി : 03.01.2022

**ക്വട്ടേഷൻ/ലേല പരസ്യം**

2022-ാം ആണ്ടത്തെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് നിർമ്മിച്ചിട്ടുള്ള 35 താൽക്കാലിക സ്റ്റാളുകളിലും സ്ഥിരമായി നിർമ്മിച്ചിട്ടുള്ള 8 കടകളിലും 09.02.2022 (ബുധനാഴ്ച) മുതൽ 18.02.2022 (വെള്ളിയാഴ്ച) രാവിലെ 9 മണി വരെ 10 ദിവസത്തേയ്ക്ക് കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ട സർക്കാർ നിയന്ത്രണങ്ങൾ പൂർണ്ണമായും പാലിച്ച് താൽക്കാലികമായി കച്ചവടം നടത്തുന്നതിനുള്ള അവകാശത്തിന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. സ്റ്റാൾ/കട നടത്തുവാൻ താല്പര്യമുള്ളവർ 17.01.2022 (തിങ്കളാഴ്ച) വൈകുന്നേരം 5.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ നിന്നും 50/- രൂപാ അടച്ച് ലഭിക്കുന്ന അപേക്ഷാ ഫാറത്തിൽ ക്വട്ടേഷൻ നൽകേണ്ടതാണ്. അതോടൊപ്പം നിരതദ്രവ്യമായി ട്രസ്റ്റ് ഓഫീസിൽ അടച്ച 5000 രൂപയുടെ രസീതും ഉള്ളടക്കം ചെയ്യേണ്ടതാണ്. **ക്വട്ടേഷൻ സമർപ്പിക്കുന്നവർ കവറിനു പുറത്ത് നിർബന്ധമായും സ്റ്റാൾ നമ്പർ രേഖപ്പെടുത്തിയിരിക്കണം.** അംബാ ഓഡിറ്റോറിയത്തിൽ വച്ച് 18.01.2022 ചൊവ്വാഴ്ച രാവിലെ 9.30 മണിക്ക് കട/സ്റ്റാൾ പരസ്യമായി ലേലം ചെയ്യുന്നതും ലേലം വിളി കഴിഞ്ഞാലുടൻ തന്നെ അതത് കടയുടെ/സ്റ്റാളിന്റെ ക്വട്ടേഷനുകൾ പൊട്ടിക്കുന്നതും, ക്വട്ടേഷൻ തുകയോ/ലേല തുകയോ ഏതാണ് കൂടുതൽ, അവർക്ക് സ്റ്റാൾ/കട അനുവദിക്കുന്നതുമാണ്. **ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന എല്ലാ വ്യക്തികളും ക്വട്ടേഷൻ നൽകിയവരും പരസ്യ ലേലത്തിൽ പങ്കെടുക്കണമെങ്കിൽ ഓരോ കടയ്ക്കും 5,000/ രൂപാ വീതം നിരതദ്രവ്യമായി 18.01.2022 ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് മുമ്പായി വിശ്രമസങ്കേതത്തിലെ കൗണ്ടറിൽ അടയ്ക്കേണ്ടതാണ്. ടി സമയത്തിന് മുമ്പ് നിരതദ്രവ്യം കെട്ടി വയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.** ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ 50,000/- രൂപയോ അതിനു താഴെയോ ആണ് കട വാടക തുക ഉറപ്പിക്കുന്നതെങ്കിൽ അപ്പോൾ തന്നെ മുഴുവൻ പണവും അതിനുള്ള ജി.എസ്സ്.ടി 18% ചേർത്ത് ട്രസ്റ്റ് ഓഫീസിൽ അടയ്ക്കേണ്ടതും 50,000/- രൂപയ്ക്ക് മുകളിൽ ലേലം ഉറപ്പിച്ചയാൾ 50,000/-രൂപയും അതിനുള്ള ജി.എസ്സ്.ടി 18% ചേർത്ത് അപ്പോൾ തന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും അതിനുള്ള ജി.എസ്സ്.ടി 18% ചേർത്ത് അടുത്ത ദിവസം വൈകുന്നേരം 5.00 മണിക്കു മുമ്പായി ട്രസ്റ്റ് ഓഫീസിൽ അടയ്ക്കേണ്ടതുമാണ്. അല്ലാത്തപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കട/സ്റ്റാൾ പുനർ ലേലം ചെയ്ത് നൽകുന്നതും, നിരതദ്രവ്യമായി അടച്ച 5,000/- രൂപയും ക്ഷേത്രം ഓഫീസിൽ അടച്ചതായ വാടക തുകയും ട്രസ്റ്റിലേയ്ക്ക് മുതൽ കൂട്ടുന്നതുമാണ്. സ്റ്റാൾ/കട അനുവദിച്ച് കിട്ടുന്നയാൾ നിബന്ധനകൾക്ക് അനുസൃതമായ തുക അടയ്ക്കാത്തപക്ഷം ടി സ്റ്റാൾ/കട അടുത്ത ആളിന് അനുവദിക്കുന്നതാണ്. (സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മേൽ നിബന്ധന ബാധകമല്ല). ലേല നിബന്ധനകളെ സംബന്ധിച്ച വിവരങ്ങൾ ലേലം/ക്വട്ടേഷൻ ഫാറത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. Fire & Safety സംബന്ധമായ കാര്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതാണ്. ഹൈഡ്രജൻ ബലൂണും സമാന ഐറ്റങ്ങളും പ്ലാസ്റ്റിക് കവർ, നിരോധിച്ചിട്ടുള്ള പ്ലാസ്റ്റിക് സാധനങ്ങൾ എന്നിവ വിൽക്കാൻ പാടുള്ളതല്ല. ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നവർ ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡോക്ടറുടെ സർട്ടിഫിക്കറ്റ് എന്നിവ

(...... 2..........)

നിർബന്ധമായും സ്വന്തം ചെലവിൽ വാങ്ങിയിരിക്കണം. ആയതിന്റെ പകർപ്പ് അക്കോമഡേഷൻ കമ്മിറ്റി കൺവീനറെ ഏൽപ്പിക്കേണ്ടതാണ്. ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കൈയ്യുറ, തൊപ്പി എന്നിവ ഉപയോഗിക്കേണ്ടതാണ്. പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ കട/സ്റ്റാളിൽ സൂക്ഷിക്കുവാൻ പാടില്ല. ജൈവ-അജൈവ മാലിന്യങ്ങൾ തരം തിരിച്ച് നഗരസഭയുടെ എയ്റോബിക്ക് ബിന്നുകളിൽ നിക്ഷേപിക്കേണ്ടതാണ്. ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതാണ്. കെട്ടിതന്നിരിക്കുന്ന സ്റ്റാളിന്റെ അളവ് (നീളവും വീതിയും) **പ്രത്യേക അനുമതി കൂടാതെ യാതൊരു കാരണവശാലും കൂടുതലാക്കുവാൻ പാടുള്ളതല്ല. അളവിൽ മാറ്റം വരുത്തുന്ന കടക്കാരെ യാതൊരു കാരണവശാലും കട തുടർന്ന് നടത്തുവാൻ അനുവദിക്കുന്നതല്ല.** കടയുടെ സുരക്ഷിതത്വം സംബന്ധിച്ച് എല്ലാ ഉത്തരവാദിത്വവും കട നടത്തുന്ന വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. യാതൊരു കാരണവും പറയാതെ ലേലം/ക്വട്ടേഷൻ ക്യാൻസൽ ചെയ്യുന്നതിന് സെക്രട്ടറിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിനും/ക്വട്ടേഷൻ സംബന്ധിച്ച് ട്രസ്റ്റിന്റെ എല്ലാ നിബന്ധനകളും ഈ ലേലം/ക്വട്ടേഷനും ബാധകമായിരിക്കും. കട/സ്റ്റാൾ ലഭിക്കാത്തവർക്ക് നിരതദ്രവ്യമായി അടച്ച തുക ലേല നടപടികൾ പൂർത്തിയായാലുടനെ തിരികെ നൽകുന്നതാണ്. ലേലം/ക്വട്ടേഷൻ പിടിക്കുന്നയാൾ പണം അടയ്ക്കുമ്പോൾ ആധാറിന്റെ കോപ്പി കൂടി നൽകേണ്ടതാണ്.

സ്റ്റാൾ എടുക്കുന്ന വ്യക്തിയും, സഹായികളും സർക്കാർ നിർദ്ദേശ പ്രകാരം കോവിഡ് 19 രോഗ വിമുക്ത സർട്ടിഫിക്കറ്റ് 09.02.2022 ബുധനാഴ്ച രാവിലെ അക്കോമഡേഷൻ കമ്മിറ്റി കൺവീനറെ ഏൽപ്പിക്കേണ്ടതാണ്. എന്നാൽ മാത്രമേ സ്റ്റാളിൽ കച്ചവടം ചെയ്യാൻ അനുവദിക്കുകയുള്ളൂ. സ്റ്റാൾ എടുക്കുന്നയാൾക്കോ കൂടെ നിൽക്കുന്ന സഹായികൾക്കോ കോവിഡ്-19 രോഗം ഇല്ലെന്നുള്ള കാര്യം സ്റ്റാൾ എടുക്കുന്നയാൾ ഉറപ്പ് വരുത്തേണ്ടതാണെന്നും അഥവാ ആർക്കെങ്കിലും കോവിഡ്-19 അസുഖ ലക്ഷണങ്ങൾ ഉണ്ടായാൽ ഉടനെ തന്നെ സ്റ്റാളിൽ നിന്നും മാറ്റി നിർത്തി സ്റ്റാൾ സാനിട്ടൈസ് ചെയ്യേണ്ടതുമാണ്. ടിയാന്റെയും കൂടെയുള്ളവരുടെയും കോവിഡ് ടെസ്റ്റ് 08.02.2022ന് നടത്തിയതിന്റെ സർട്ടിഫിക്കറ്റും കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റും (2 ഡോസ്സ്) അക്കോമഡേഷൻ കമ്മിറ്റി കൺവീനറെ ഏൽപ്പിക്കേണ്ടതാണ്. കോവിഡ്-19 വ്യാപനം കണക്കിലെടുത്ത് കട നടത്തുവാൻ സർക്കാർ എന്തെങ്കിലും കാരണവശാൽ അനുമതി നിഷേധിക്കുകയാണെങ്കിൽ ലേലം/ക്വട്ടേഷൻ ക്യാൻസൽ ചെയ്യുന്നതിന് ട്രസ്റ്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഇതിനോടൊപ്പം ചേർത്തിട്ടുള്ള ഫാറം പൂരിപ്പിച്ച് നൽകേണ്ടതാണ്.

സെക്രട്ടറി

നോട്ടീസ് ബോർഡ് : ആഫീസ്
ക്ഷേത്രം
വെബ് സൈറ്റ്

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി
ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2022
ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2022
കൺവീനർ, അക്കോമഡേഷൻ കമ്മിറ്റി, പൊങ്കാല മഹോത്സവം-2022
സൂപ്രണ്ട്, ട്രസ്റ്റ് ഓഫീസ്

sr